REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-09-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിലെ വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കും.**
- **രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ മൂന്ന് ദിവസത്തെ ശ്രീലങ്കൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.**
- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. പൊതുജനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകി ദുരന്ത നിവാരണ അതോറിറ്റി.**
- **കോഴിക്കോട് സാമൂതിരി രാജ, P.K കേരള വർമ അന്തരിച്ചു**
- **ജൂനിയർ ഏഷ്യ ഹോക്കി വേൾഡ് കപ്പ് മത്സര പരമ്പരയിൽ, ഇന്ത്യ സൗത്ത് കൊറിയയെ തോൽപിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിലെ വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കും. വെസ്റ്റേൺ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോറിന്റെ മൂന്ന് പ്രധാന ഭാഗങ്ങൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. മൂന്ന് ചരക്ക് ട്രെയിൻ സർവീസുകൾ മോദി ഫ്ലാഗ് ഓഫ് ചെയ്യും. വഡോദരയ്ക്കും ടാണ്ട റോഡിനും ഇടയിലെ പുതിയ ട്രെയിൻ സർവീസിനും പ്രധാനമന്ത്രി പച്ചക്കൊടി വീശും.

ഛോട്ടാ ഉദയ്പൂർ-ധാർ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച ജോബത്-ടാണ്ട റോഡ് പുതിയ റെയിൽപ്പാത പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. ചടങ്ങിൽ പ്രധാനമന്ത്രി സദസിനെ അഭിസംബോധന ചെയ്യും.

വൈകിട്ട് മഹാരാഷ്ട്രയിൽ എത്തുന്ന പ്രധാനമന്ത്രി, മുംബൈയിൽ Global Fintech Fest ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രശസ്ത ഗായകൻ ഡോ. ഭൂപൻ ഹസാരികയുടെ നൂറാം ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിച്ചു. ഡോ. ഹസാരികയുടെ ശബ്ദം, അസമിന്റെ ആത്മാവിനെയും വടക്കുകിഴക്കൻ മേഖലയുടെ ചൈതന്യത്തെയും രാജ്യത്തുടനീളം എത്തിച്ചുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

കഴിഞ്ഞ വർഷം ഗോഹട്ടിയിൽ നടന്ന അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്ത കാര്യവും പ്രധാനമന്ത്രി അനുസ്മരിച്ചു. ഡോ. ഹസാരികയുടെ ജീവിതവും സംഭാവനകളും വരുംതലമുറകൾക്ക് പ്രചോദനമായി തുടരുമെന്നും മോദി പറഞ്ഞു.

✪✪✪

രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ മൂന്ന് ദിവസത്തെ ശ്രീലങ്കൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. 38 വർഷത്തിനിടെ ഇതാദ്യമായാണ് ഇന്ത്യൻ രാജ്യരക്ഷാ മന്ത്രി ശ്രീലങ്ക സന്ദർശിക്കുന്നത്.

ഇന്ത്യ-ശ്രീലങ്ക പ്രതിരോധ പങ്കാളിത്തം കൂടുതൽ ശക്തമാക്കുക, വ്യോമ പ്രതിരോധ സംവിധാനങ്ങളിലെ സഹകരണം, സമുദ്ര സുരക്ഷ ശക്തിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ സന്ദർശനവേളയിൽ ചർച്ച ചെയ്യും. ഇരു രാജ്യങ്ങളും പ്രതിരോധ മേഖലയിൽ പ്രധാന ധാരണാപത്രങ്ങളിൽ ഒപ്പുവച്ചേക്കും. കൊളംബോയിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായും രാജ്നാഥ് സിംഗ് സംവദിക്കും.

✪✪✪

ഇന്ത്യ സന്ദർശിക്കുന്ന ലക്സംബർഗ് ഉപപ്രധാനമന്ത്രിയും, വിദേശകാര്യ മന്ത്രിയുമായ സേവിയർ ബെറ്റൽ, ന്യൂഡൽഹിയിൽ ഇന്നലെ കേന്ദ്രമന്ത്രി പിയൂഷ് ഗോയലുമായി കൂടിക്കാഴ്ച നടത്തി. ലോജിസ്റ്റിക്സ്, നിർമിത ബുദ്ധി, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ബഹിരാകാശ മേഖല, ധനകാര്യ സേവനങ്ങൾ, മാലിന്യ സംസ്കരണം തുടങ്ങിയ പ്രധാന മേഖലകളിൽ ഇന്ത്യ-ലക്സംബർഗ് സഹകരണം ശക്തിപ്പെടുത്തുന്നത് ചർച്ച ചെയ്തതായി പിയൂഷ് ഗോയൽ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

✪✪✪

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് സൗദി അറേബ്യയിലെ ഇന്ത്യൻ സമൂഹവുമായി കൂടിക്കാഴ്ച നടത്തി. എംബസിയുടെ മേൽനോട്ടത്തിൽ 'ഓൾ-ഇന്ത്യ സ്റ്റിയറിംഗ് കമ്മിറ്റി' യുടെ നേതൃത്വത്തിലായിരുന്നു കൂടിക്കാഴ്ചയെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ അറിയിച്ചു. വ്യാപാരം, നിക്ഷേപം, ഊർജ്ജം, സംസ്കാരം എന്നീ മേഖലകളിൽ ഇന്ത്യ- സൗദി അറേബ്യ ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ സമൂഹത്തിന്റെ സംഭാവനകളെ അദ്ദേഹം പ്രശംസിച്ചു.

✪✪✪

കൊച്ചി ഇൻഫോപാർക്ക് നാലാം ഘട്ട വികസനത്തിന് നടപടികൾ വേഗത്തിലാക്കാൻ ഗവണ്മെന്റ് അടിയന്തരമായി ഇടപെടുമെന്ന് മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുമായി നടത്തിയ ചർച്ചയിലാണ് ഉറപ്പ് ലഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു. പിറവം നിയോജക മണ്ഡലത്തിലെ ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയുടെ 33.5 ഏക്കർ സ്ഥലം ഇൻഫോപാർക്കിലേക്ക് മാറ്റിയെങ്കിലും പല തടസങ്ങൾ കാരണം പദ്ധതി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

നാലാം ഘട്ടം ഒരു മിക്സഡ് ടൗൺഷിപ്പ് മോഡലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അത്യാധുനിക ഐടി സമുച്ചയങ്ങൾ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന നിലയിൽ കൊച്ചിയുടെയും സമീപപ്രദേശങ്ങളുടേയും വികസനം കൂടുതൽ ശക്തിപ്പെടാൻ പദ്ധതി സഹായിക്കുമെന്നും അനൂപ് ജേക്കബ് പറഞ്ഞു.

✪✪✪

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. സാക്ഷരതയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനാണ് ദിനാചരണം. 'സാക്ഷരത - ജനങ്ങൾക്കും ഭൂമിക്കും സമൃദ്ധിക്കും വേണ്ടി' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

അറിവിലേക്കും അവസരങ്ങളിലേക്കും ശോഭനമായൊരു ഭാവിയിലേക്കും വാതിൽ തുറക്കുന്നത് സാക്ഷരതയാണെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. വിദ്യാഭ്യാസത്തിന്റെ മഹത്വം ആഘോഷിക്കാനും, പഠനയാത്രയിൽ ആരും പിന്നിലായിപ്പോകുന്നില്ലെന്ന് ഉറപ്പാക്കാനും, അന്താരാഷ്ട്ര സാക്ഷരതാ ദിനത്തോടനുബന്ധിച്ച് സാമൂഹിക മാധ്യമത്തിലൂടെ നൽകിയ സന്ദേശത്തിൽ അദ്ദേഹം പൗരന്മാരോട് ആഹ്വാനം ചെയ്തു.

സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടക്കുന്ന ദിനാചരണം മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും.

✪✪✪

മരണാനന്തര അവയവ ദാതാക്കളെ അനുസ്മരിക്കുന്നതിനും, കുടുംബാംഗങ്ങളെ ആദരിക്കുന്നതിനും കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടി "സ്മൃതി വന്ദനം 2026" - നാളെ തിരുവനന്തപുരത്ത് നടക്കും. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ, മന്ത്രി കെ. മുരളീധരൻ പരിപാടി ഉദ്ഘാടനം ചെയ്യും. ശശി തരൂർ എംപി മുഖ്യാതിഥിയാകും.

✪✪✪

ദേശീയപാതാ അതോറിറ്റിയുടെയോ മറ്റ് ബന്ധപ്പെട്ട അധികാരികളുടെയോ അനാസ്ഥയോ അലംഭാവമോ കാരണം ദേശീയപാതകളിലും മറ്റ് പ്രധാന റോഡുകളിലും അപകടമോ മരണമോ സംഭവിച്ചാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായി നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നഷ്ടപരിഹാരത്തിന് നടപടികൾ ഉറപ്പാക്കണമെന്നും ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നിയമപ്രകാരം ഉചിതവും സമയബന്ധിതവുമായി നഷ്ടപരിഹാരം നൽകണം. കണ്ണൂരിലെ അഭിഭാഷകൻ V ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഇന്നലെ 36.2 ഡിഗ്രി സെൽഷ്യസ് ചൂട് രേഖപ്പെടുത്തി. പകൽ ചൂട് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ, ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദ്ദേശം നൽകി. വർദ്ധിച്ച ചൂട് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ശ്രദ്ധിക്കണമെന്ന്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. നാളെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ വരുദിവസങ്ങളിൽ ചൂടിന്റെ കാഠിന്യം വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ് )........

✪✪✪

കോഴിക്കോട് സാമൂതിരി രാജ, P.K കേരള വർമ അന്തരിച്ചു - 89 വയസ്സായിരുന്നു. ഫാർമക്കോളജി വിദഗ്ധനായിരുന്ന അദ്ദേഹത്തിന്, ബിസിനസ് മികവിന് കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. തിരുവണ്ണൂർ പുതിയകോവിലകത്ത് തെക്കെകെട്ട് താവഴി അംഗമാണ്.

ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ ഒട്ടേറെ മരുന്നുകളുടെ ഉത്പാദനത്തിലൂടെയും കയറ്റുമതിയിലൂടെയും ശ്രദ്ധേയമായ നാർണ്യാട്ട് ഫാർമസ്യൂട്ടിക്കൽസ് സ്ഥാപകനാണ്. വർഷങ്ങൾക്കുമുൻപ് ലക്ഷദ്വീപിൽ മന്തുരോഗവ്യാപനം തടയാൻ സംസ്ഥാനഗവണ്മെന്റിന്റെ ഫൈലേ റിയാസിസ് റിസർച്ച് സെന്ററുമായി ചേർന്ന് മരുന്നു കലർത്തിയ കറിയുപ്പ് വിതരണം ചെയ്ത മാതൃകാ പദ്ധതി തയ്യാറാക്കിയ സംഘത്തിലെ അംഗവുമായിരുന്നു അദ്ദേഹം. കോഴിക്കോട്ടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനുഫാക്ചേഴ്സസ് അസോസിയേഷൻ പ്രസിഡന്റായും ചെറുകിടവ്യവസായ അസോസിയേഷൻ എക്സിക്യുട്ടീവ് അംഗമായും പ്രവർ ത്തിച്ചു.

സംസ്കാരം വൈകീട്ട് 6.30ന് മാവൂർ റോഡ് സ്മൃതി പഥം ശ്മശാനത്തിൽ നടത്തും.

✪✪✪

ഇന്നലെ അന്തരിച്ച ചിറ്റൂർ മുൻ MLA കെ. അച്യുതന്റെ സംസ്കാരം അല്പസമയത്തിനകം ചാലക്കളം വീട്ടുവളപ്പിൽ നടത്തും.

നേരത്തെ വീട്ടിലും തുടർന്ന് നെഹ്റു നഗറിലും പിന്നീട് ചിറ്റൂർതത്തമംഗലം നഗരസഭയിലും തത്തമംഗലം സർവീസ് സഹകരണ ബാങ്കിലും പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ നിരവധി പേർ അന്ത്യാഞ്ജലിയർപ്പിച്ചു.

✪✪✪

പരിസ്ഥിതി സംരക്ഷണത്തിൽ കണ്ടൽ ചെടികൾക്ക് പ്രമുഖ സ്ഥാനമാണുള്ളത്. കണ്ടൽ ചെടികൾ നട്ടുവളർത്തുന്ന കണ്ണൂർ പഴയങ്ങാടിയിലെ പാറയിൽ രാജൻ കണ്ടൽ സംരക്ഷണത്തിന് പുതിയ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയാണ്.

കണ്ണൂരിൽ നിന്ന് ആകാശവാണി ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്).............

✪✪✪

ജൂനിയർ ഏഷ്യ ഹോക്കി വേൾഡ് കപ്പ് മത്സര പരമ്പരയിൽ ചൈനയിലെ മോഖിയിലിൽ, ഇന്ത്യ സൗത്ത് കൊറിയയെ തോൽപിച്ചു. മൂന്നിനെതിരെ ഏഴ് ഗോളുകൾക്കാണ് ഇന്ത്യയുടെ വിജയം.

തുടർച്ചയായ രണ്ട് വിജയങ്ങളും ഒരു സമനിലയും നേടിയ ഇന്ത്യൻ പുരുഷ ടീം, ഇതോടെ സെമിഫൈനൽ പ്രവേശം ഉറപ്പാക്കി.

✪✪✪

47-ാമത് കേരള പൊലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ, വൈകിട്ട് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. 'YES TO SPORTS, NO TO DRUGS' എന്നതാണ് ഇത്തവണത്തെ സന്ദേശം.

പൊലീസ് ജില്ലകൾ, സ്പെഷ്യൽ യൂണിറ്റുകൾ, ആംഡ് പോലീസ് ബറ്റാലിയനുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും. മറ്റന്നാൾ സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ മുഖ്യാതിഥിയാകും.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: സബിത.കെ*
*News Team: മണികണ്ഠൻ, ജാസ്മി*
*DEO: ഷീബ*